**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **11-06-2024 - ൽ മറുപടിയ്ക്ക്**

**പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായിട്ടുള്ള സർക്കാർഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ വിലയുടെ 5 ശതമാനം തുക കണ്ടിജൻസി ചാർജ് ഇനത്തിൽ അടയ്ക്കുന്നതിനുള്ള കത്ത് സ്പെഷ്യൽ തഹസിൽദാർ, എൽ. എ. (ജനറൽ), പൂവത്തുരുത്ത് ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നൽകിയിട്ടുണ്ട്. തുക അടയ്ക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ